# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.10.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. അഞ്ചു ദിവസത്തെ സന്ദർശനത്തിനായി മാലദ്വീപ് പ്രസിഡൻറ് മൊഹമ്മദ് മൊയ്സു ഇന്ന് ഇന്ത്യയിലെത്തും. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവരുമായി കൂടിക്കാഴ്ച നടത്തും.

   **Maldives president  Mohammad Moisu will arrive in India today for a five-day visit. He will meet president Draupadi Murmu and Prime Minister Narendra Modi.**

2. ഒരേ സമയം രാജ്യത്തെ തെരഞ്ഞെടുപ്പുകൾ നടത്തുന്നതിലൂടെ മികച്ച ഭരണം, നയ സുസ്ഥിരത, സാമ്പത്തിക വളർച്ച, എന്നിവ ഉറപ്പാക്കാനാകുമെന്ന് മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ്.

   **Former President Ram Nath Kovind said holding elections in the country at the same time would ensure better governance, policy stability and economic growth.**

3. ജമ്മുകശ്മീർ, ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പുകളുടെ വോട്ടെണ്ണൽ മറ്റെന്നാൾ. ഇന്നലെ നടന്ന ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പിൽ 67 ശതമാനം പോളിങ്.

   **The counting of votes for the Jammu and Kashmir and Haryana assembly elections on  day After tomarrow.  67 percent polling in Haryana assembly elections which held yesterday.**

4. വ്യോമസേനാ ദിനത്തിന് മുന്നോടിയായി ഇന്ത്യൻ വ്യോമസേനയുടെ വ്യോമാഭ്യാസ പ്രകടനം ഇന്ന് ചെന്നൈ മറീന ബീച്ചിൽ.

   **Ahead of the Air Force Day, the Indian Air Force will perform an aerial exercise at Chennai Marina Beach today.**

5. സ്പെഷ്യാലിറ്റി സേവനങ്ങൾ താലൂക്ക് ആശുപത്രി തലം മുതൽ എന്ന ആശയമാണ് കേരള സർക്കാർ വിഭാവനം ചെയ്യുന്നതെന്ന് മന്ത്രി വീണ ജോർജ് .

**Minister Veena George said that the Kerala government envisions specialty services from the taluk hospital level.**

6. വനിത ടി 20 ലോകകപ്പിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ബംഗ്ലാദേശിനെതിരായ പുരുഷന്മാരുടെ ടി 20 പരമ്പരയിലെ ആദ്യ മത്സരം ഇന്ന്.

**India will face Pakistan today in the Women's T20 World Cup. The first match of the men's T20 series against Bangladesh on today.**

&&&&&&&&&&&&&&&

## HEAD LINE – 1

## MALDIVES PRESIDENT

അഞ്ചു ദിവസത്തെ സന്ദർശനത്തിനായി മാലദ്വീപ് പ്രസിഡൻറ് ഡോ. മൊഹമ്മദ് മൊയ് സു ഇന്ന് ഇന്ത്യയിലെത്തും. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവരുമായി അദ്ദേഹം കൂടികാഴ്ച നടത്തും. ഉഭയകക്ഷി ബന്ധങ്ങൾ സംബന്ധിച്ചും മേഖലാതല, അന്താരാഷ്ട്ര വിഷയങ്ങളിലും ചർച്ചകൾ നടക്കും. ബംഗളൂരു, മുംബയ് നഗരങ്ങളും മാലദ്വീപ് പ്രസിഡൻറ് സന്ദർശിക്കും. മൂന്നാം നരേന്ദ്രമോദി സർക്കാരിൻറെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കാൻ ഡോ. മൊഹമ്മദ് മൊയ്സു നേരത്തേ ഇന്ത്യ സന്ദർശിച്ചിരുന്നു.

&&&&&&&&&&&&&&&

## HEAD LINE – 3

## HARYANA - POLL PERCENTAGE

ഇന്നലെ നടന്ന ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പിൽ 67 ശതമാനം പോളിങ് രേഖപ്പെടുത്തി. 90 നിയമസഭാ മണ്ഡലങ്ങളിലേക്ക് ഒറ്റഘട്ടമായി നടന്ന തിരഞ്ഞെടുപ്പ് പൊതുവിൽ സമാധാനപരമായിരുന്നു. 100 വയസ്സിനു മുകളിൽ പ്രായമുള്ള നിരവധി വോട്ടർമാരും തിരഞ്ഞെടുപ്പിൽ പങ്കെടുത്തു. 85 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കും ഭിന്നശേഷിക്കാർക്കും വീട്ടിൽ നിന്ന് വോട്ടിംഗ് സൗകര്യം ഏർപ്പെടുത്തിയിരുന്നു.

മറ്റന്നാളാണ് വോട്ടെണ്ണൽ. ജമ്മു-കാശ്മീർ നിയമസഭയിലേക്ക് മൂന്നു ഘട്ടങ്ങളിലായി നടന്ന വോട്ടെടുപ്പിന്റെ ഫലപ്രഖാപനവും മറ്റന്നാളാണ്.

&&&&&&&&&&&&&&&

## HEAD LINE – 2

## KOVIND- SIMULTANEOUS ELECTIONS

ഒരേ സമയം രാജ്യത്തെ തെരഞ്ഞെടുപ്പുകൾ നടത്തുന്നതിലൂടെ മികച്ച ഭരണം, നയ സുസ്ഥിരത, സാന്പത്തിക വളർച്ച, സാമൂഹിക ഐക്യം, വർദ്ധിച്ച ആഗോള മത്സര ക്ഷമത എന്നിവ ഉറപ്പാക്കാനാകുമെന്ന് മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ്. വികസിത് ഭാരതത്തിലേക്കുള്ള സുസ്ഥിര യാത്രയിൽ ഒരേസമയം രാജ്യത്തെ തിരഞ്ഞെടുപ്പുകൾ സംഘടിപ്പിക്കുന്നത് വളരെയധികം പ്രയോജനം ചെയ്യും. ഒരു രാജ്യം-ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച ഉന്നതതല സമിതിയുടെ അധ്യക്ഷനായിരുന്ന അദ്ദേഹം ന്യൂഡൽഹിയിൽ ഒരേസമയം തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള 30-ാമത് ലാൽ ബഹദൂർ ശാസ്ത്രി സ്മാരക പ്രഭാഷണം നടത്തവെയാണ് ഇക്കാര്യം പറഞ്ഞത്.

&&&&&&&&&&&&&&&

## REV AMIT SHAH-MEETING

നക്സൽ ബാധിത സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായി കേന്ദ്ര മന്ത്രി അമിത് ഷാ അവലോകന യോഗം നടത്തും. നാളെ ന്യൂ ഡൽഹിയിൽ നടക്കുന്ന യോഗത്തിൽ ആന്ധ്രാപ്രദേശ്, ബിഹാർ, ഛത്തീസ്ഗഡ്, ജാർഖണ്ഡ്, തെലങ്കാന, ഒഡീഷ, മഹാരാഷ്ട്ര, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ പങ്കെടുക്കും. ദേശീയ സുരക്ഷാ ഉപദേഷ്ടാവിൻറെ പ്രതിനിധിയും, കേന്ദ്ര സായുധ പോലീസ് സേനയുടെയും വിവിധ കേന്ദ്ര-സംസ്ഥാന മുതിർന്ന ഉദ്യോഗസ്ഥരും ചർച്ചയിൽ പങ്കെടുക്കും.

&&&&&&&&&&&&&&&

## HEAD LINE – 4

## IAF AIR SHOW (INTRO)

ഇന്ത്യൻ വ്യോമസേന ഇന്ന് ചെന്നൈയിലെ മറീന ബീച്ചിൽ വൻപൻ വ്യോമാഭ്യാസ പ്രകടനം നടത്തും. രാവിലെ 11 ന് ആരംഭിക്കുന്ന വ്യോമാഭ്യാസത്തിൽ 72 വിമാനങ്ങൾ പങ്കെടുക്കുന്ന അക്രോബാറ്റിക് ഷോ ഉണ്ടായിരിക്കും. **വിശദാംശങ്ങളിലേക്ക്..... (വോയ്സ്)**

## IAF AIR SHOW (VOICE)

92-ാം വാർഷിക വ്യോമസേന ദിനാഘോഷത്തിൻ്റെ മുന്നോടിയായാണ് വ്യോമാഭ്യാസം സംഘടിപ്പിക്കുന്നത്. "സക്ഷം,സശക്ത, ആത്മനിർഭർ" എന്നതാണ് ഈ വർഷത്തെ പ്രമേയം. തേജസ്, മിറാഷ്, സുഖോയ് 30 എംകെഐ, ജാഗ്വാർ ഉൾപ്പെടെയുള്ള യുദ്ധവിമാനങ്ങൾ, ഏറ്റവും പുതിയ പ്രചന്ദ് ഹെലികോപ്റ്റർ എന്നിവ വ്യോമാഭ്യാസത്തിൻറെ ഭാഗമാകും. ലിംക റെക്കോർഡ് ബുക്കിൽ ഇടംപിടിക്കാൻ ലക്ഷ്യമിട്ടാണ് അഭ്യാസ പ്രകടനങ്ങൾ. 15 ലക്ഷം കാണികളെ സാക്ഷികളാക്കിയാണ് പരിപാടി സംഘടിപ്പിക്കുന്നത്. പാരച്യൂട്ട് ജമ്പിംഗ്, ഫ്രീ ഫാൾ ഡിസ്പ്ലേ എന്നിവ പരിപാടിയുടെ ഭാഗമാകും. സൂര്യ കിരൺ എയ്റോബാറ്റിക് സംഘവും സാരംഗ് ഹെലികോപ്റ്റർ പ്രദർശന സംഘവും പ്രകടനങ്ങൾ നടത്തും. **ന്യൂസ് ഡെസ്ക് ആകാശവാണി...**

&&&&&&&&&&&&&&&

## WORLD CEREBRAL PALSY DAY

ഇന്ന് ലോക സെറിബ്രൽ പാൾസി ദിനം. രോഗബാധിതരായ ലോകത്തെ 18 ദശലക്ഷം ജനങ്ങളെ സഹായിക്കുക, രോഗത്തെപ്പറ്റിയുള്ള ബോധവൽക്കരണം വ്യാപിപ്പിക്കുക എന്നിവയാണ് ദിനാചരണത്തിന്റെ ലക്ഷ്യം.എല്ലാവിഭാഗത്തേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സാമൂഹികമാറ്റത്തിനായി ഇന്ന് രാജ്യത്ത് ബോധവൽക്കരണ പ്രചരണ പരിപാടികൾ സംഘടിപ്പിക്കും.

&&&&&&&&&&&&&&&

## HEAD LINE – 5

### VEENA GEORGE

സ്പെഷ്യാലിറ്റി സേവനങ്ങൾ താലൂക്ക് ആശുപത്രി തലം മുതൽ എന്ന ആശയമാണ് സർക്കാർ വിഭാവനം ചെയ്യുന്നതെന്ന് മന്ത്രി വീണ ജോർജ് . കണ്ണൂർ മാട്ടൂൽ സാമൂഹികാരോഗ്യ കേന്ദ്രം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെയും പഴയങ്ങാടി താലൂക്ക് ആശുപത്രി സ്റ്റാഫ് ക്വാർട്ടേഴ്സിന്റേയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. കുടുംബാരോഗ്യ കേന്ദ്രത്തിൽ നിന്നും മറ്റ് സ്പെഷ്യാലിറ്റി ആശുപത്രികളിലേക്ക് പോകേണ്ടിവരുമ്പോൾ ഇ-ഹെൽത്ത് സംവിധാനം രോഗികൾക്ക് ആശ്വാസമാണെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&

### IDUKKI (INTRO)

സർക്കാർ കുപ്പിവെള്ളമായ ഹില്ലി അക്വ രണ്ടാഴ്ചക്കുള്ളിൽ ഗൾഫ് നാടുകളിലേക്ക് കയറ്റി അയച്ചുതുടങ്ങും. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനും എക്സ്പോർട്ടിങ് കമ്പനിയുമായി മൂന്ന് വർഷ കരാറിൽ ഒപ്പുവെച്ചു. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

&&&&&&&&&&&&&&&

### M. RAMACHANDRAN

അന്തരിച്ച ആകാശവാണി വാർത്താവതാരകനായിരുന്ന എം രാമചന്ദ്രന്റെ സംസ്കാരം ഇന്ന് നടക്കും. രാവിലെ 10 : 30നു തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ പൊതു ദർശനത്തിനു ശേഷം പതിനൊന്നോടെ തൈക്കാട് ശാന്തികവാടത്തിലാകും സംസ്കാരം.

&&&&&&&&&&&&&&&

### SURESH GOPI

കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഇന്ന് കോഴിക്കോട് ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. രാവിലെ കാലിക്കറ്റ് ചേമ്പർ ഓഫ് കൊമേ ഴ്സ് ആൻഡ് ഇൻഡസ്ട്രീ സ്സിൽവർ ജൂബിലി ആഘോഷം അദ്ദേഹം ഉദ്ഘാടനം ചെ യ്യും.

&&&&&&&&&&&&&&&

## HEAD LINE – 6

### INDIA - PAKISTAN WOMEN T 20

വനിത ടി 20 ലോകകപ്പിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ദുബായിൽ ഉച്ചയ്ക്ക് ശേഷം 3.30 നാണ് മത്സരം ആരംഭിക്കുക. ആദ്യ മത്സരത്തിൽ ഇന്ത്യൻ ടീം ന്യൂസിലൻഡിനോട് പരാജയപ്പെട്ടിരുന്നു. അതേസമയം തങ്ങളുടെ ആദ്യ മത്സരത്തിൽ പാകിസ്ഥാൻ ശ്രീലങ്കയെ തോൽപ്പിച്ചു.

&&&&&&&&&&&&&&&

### INDIA - BANGLADESH T 20

പുരുഷന്മാരുടെ ഇന്ത്യ - ബംഗ്ലാദേശ് ടി 20 പരമ്പരയിലെ ആദ്യ മത്സരം ഇന്ന് മധ്യപ്രദേശിലെ ഗ്വാളിയറിൽ നടക്കും. വൈകിട്ട് 7 മണിക്കാണ് മത്സരം തുടങ്ങുക. മൂന്ന് മത്സരങ്ങളാണ് ടി 20 പരമ്പരയിലുള്ളത്. നേരത്തെ നടന്ന രണ്ട് മത്സര ടെസ്റ്റ് പരമ്പരയിൽ ഇന്ത്യ സമ്പൂർണ വിജയം നേടിയിരുന്നു.

&&&&&&&&&&&&&&&

### CRICKET TEAM FELICITAITON

27 വർഷത്തിനിടെ ആദ്യമായി ഇറാനി കപ്പ് നേടിയ അജിങ്ക്യ റെഹാനെയുടെ നേതൃത്വത്തിലുള്ള മുംബയ് ടീമിനെ അഭിനന്ദിക്കാൻ മുംബയ് ക്രിക്കറ്റ് അസോസിയേഷൻ ചടങ്ങ് സംഘടിപ്പിക്കും. റസ്റ്റ് ഓഫ് ഇന്ത്യ ടീമിനെയാണ് മുംബയ് പരാജയപ്പെടുത്തിയത്. അനുമോദന ചടങ്ങ് മുംബയിലെ വാങ്കഡെ സ്റ്റേഡിയത്തിലാകും സംഘടിപ്പിക്കുക.

&&&&&&&&&&&&&&&

### DRDO - VSHORADS

നാലാം തലമുറ ഹ്രസ്വദൂര വ്യോമ പ്രതിരോധ സംവിധാനം പ്രതിരോധ ഗവേഷണ വികസന സംഘടന വിജയകരമായി പരീക്ഷിച്ചു. മൂന്ന് പരീക്ഷണങ്ങളാണ് നടത്തിയത്. രാജസ്ഥാനിലെ പൊഖ്റാനിലാണ് പരീക്ഷണം നടന്നത്. പരീക്ഷണം വിജയിച്ചതിൽ രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിംഗ് അഭിനന്ദനം അറിയിച്ചു. സേനകൾക്ക് വ്യോമപ്രതിരോധത്തിൽ കൂടുതൽ ശക്തി പകരാൻ പുതിയ സംവിധാനത്തിന് കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&

## INDIA-DEFENCE EXPORT (MUMBAI METRO)

10 വർഷങ്ങൾക്കുള്ളിൽ പ്രതിരോധ ഉപകരണങ്ങൾ കയറ്റുമതി ചെയ്യുന്ന ലോകത്തെ മുൻനിര രാജ്യങ്ങളിലൊന്നായി ഇന്ത്യ മാറുമെന്ന് പ്രതിരോധ ഗവേഷ ണ വികസന സംഘടനാ അധ്യക്ഷൻ സമീർ വി കാമത്. പ്രതിരോധമേഖലയിലെ ഇറക്കുമതി 5 മുതൽ 10 ശതമാനം വരെ കുറയ്ക്കാനാകും. ഇന്നലെ, മഹാരാഷ്ട്രയിലെ ഛത്രപതി ഷാഹു എഞ്ചിനീറിങ് കോളേജിൽ മറാത് വാഡാ ആക്സിലേറ്റർ ഫോർ ഗ്രോത് ആൻഡ് ഇൻക്യൂബേഷൻ കൗൺസിൽ നടത്തിയ 'മികവിനായി പ്രതിരോധമേഖല പരിഷ്ക്കരണം ' പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ പ്രതിരോധമേഖലയിൽ ഇറക്കുമതി ആശ്രിതത്വം കുറഞ്ഞുവരികയാണെന്നും കഴിഞ്ഞ വർഷം പ്രതിരോധ മേഖലയ്ക്കനുവദിച്ച ബജറ്റിൽ 90 ശതമാനവും തദ്ദേശ നിർമാണത്തിനാണ് വിനിയോഗിച്ചതെന്നും ശ്രി സമീർ വ്യക്തമാക്കി.

&&&&&&&&&&&&&&&

## PRALHAD-GERMANY VISIT

നവ പുനരുപയോഗ ഊർജ വകുപ്പ് മന്ത്രി പ്രൽഹാദ് ജോഷി മൂന്നു ദിവസത്തെ ജർമ്മൻ സന്ദർശനത്തിന് ഇന്ന് പുറപ്പെടും. ഹാം ബർഗ് സുസ്ഥിര സമ്മേളനത്തിലും മന്ത്രി പങ്കെടുക്കും. ജർമ്മനി, ബ്രിട്ടൻ എന്നീ രാജ്യങ്ങളിലെ മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരുമായും ഉഭയകക്ഷി സഹകരണം മെച്ചപ്പെടുത്തുക ലക്ഷ്യമിട്ട് ശ്രീ പ്രൽഹാദ് ജോഷി ചർച്ചകൾ നടത്തും. സുസ്ഥിര വികസനം, ഹരിത ഹൈഡ്രജൻ, പുനരുപയോഗ ഊർജ്ജം തുടങ്ങിയ മേഖലകളിലാകും ചർച്ച.

&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&

&&&&&&&